# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 12, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: കസ്റ്റംസ് നിയമത്തിലെ 124-ാം വകുപ്പുപ്രകാരം ഡോളർ കടത്തുകേസിലെ പ്രതികൾക്ക് നൽകിയ നോട്ടീസിലൂടെ പുറത്തുവന്ന ചില പരാമർശങ്ങളെ സംബന്ധിച്ചും പ്രസ്തുത പ്രതികൾ നൽകിയതായി പറയപ്പെടുന്ന മൊഴികളുടെ അടിസ്ഥാനത്തിലുമുള്ള നോട്ടീസാണ് ചട്ടം 50

പ്രകാരം ലഭിച്ചിരിക്കുന്നത്. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സെഷൻസ് കോടതി, ഹൈക്കോടതി, സുപ്രീംകോടതി എന്നിവയുടെ പരിഗണനയിലായതിനാലും ചട്ടം 52(7)-ന്റെ പരിധിയിൽ വരുന്നതിനാലും അടിയന്തരപ്രമേയത്തിന് അനുമതി നൽകാൻ സാധിക്കില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കേസുകൾ അന്വേഷണഘട്ടത്തിലും കോടതിയിൽ വിചാരണയിലിരിക്കുന്ന വേളയിലും അടിയന്തരപ്രമേയ നോട്ടീസ് കൊടുക്കുകയും പരിഗണനയ്ക്കെടുക്കുകയും ചെയ്തിട്ടുള്ള നിരവധി സംഭവങ്ങൾ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞങ്ങൾ അടിയന്തരപ്രമേയനോട്ടീസിലൂടെ നൽകിയിരിക്കുന്നത്. കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഇന്ത്യയിൽ ഏതെങ്കിലും വിചാരണാധികാരമുള്ള ഒരു കോടതിയുടെ തീരുമാനത്തിലിരിക്കുന്ന വിഷയം പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടില്ല. ഈ കേസ് സംബന്ധിച്ച എല്ലാ കാര്യങ്ങളും മുദ്രവച്ച കവറിൽത്തന്നെ കോടതിയിൽ സമർപ്പിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുകയാണ്.

കോടതിയുടെ പരിഗണനയിലുള്ള വിഷയം അടിയന്തരപ്രമേയമായി ചർച്ച ചെയ്യാൻ പാടില്ലെന്ന ചട്ടം പൂർണ്ണമായും പാലിക്കപ്പെടണം.

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയുണ്ടായി.)

## II. **ശ്രദ്ധക്ഷണിക്കൽ**

പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ഒ. ആർ. കേളു: പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർ നേരിടുന്ന തൊഴിൽ-ഭവന-ഭൂരാഹിത്യ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗം സൃഷ്ടിക്കുകയും ഒരു കുടുംബത്തിൽ ഒരാൾക്ക് സ്ഥിരവരുമാനമുള്ള ജോലി നൽകുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.

പരമ്പരാഗത തൊഴിൽമേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയും 'ട്രൈബൽ പ്ലസ്' പദ്ധതിയും നടപ്പിലാക്കുന്നതാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുന്നതിനും പട്ടികജാതി വിഭാഗങ്ങൾക്ക് അഞ്ചുവർഷംകൊണ്ട് ഭൂമിയും വീടും നൽകാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകും.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ഞങ്ങൾ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

## III. സബ്മിഷൻ

### (1) മിനി ഡാം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: പുതുശ്ശേരി ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പുതുശ്ശേരി ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണത്തിനുള്ള പദ്ധതിരേഖയ്ക്ക് നബാർഡിൽനിന്നും അംഗീകാരം ലഭിച്ചിട്ടില്ല. ഈ ഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി/ആയക്കെട്ട് പ്രദേശങ്ങൾ പാലക്കാട് ചെറുകിട ജലസേചന ഉപവിഭാഗം പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) ഭാരതപ്പുഴ സംരക്ഷണം

ശ്രീ. പി. മമ്മിക്കുട്ടി: ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഭാരതപ്പുഴയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് നിർമ്മിച്ച തടയണകൾ, റെഗുലേറ്ററുകൾ എന്നിവയുടെസമീപം അടിഞ്ഞുകൂടിയ എക്കൽ, മണൽ, മണ്ണ്, മാലിന്യം എന്നിവ നീക്കംചെയ്യുന്ന പ്രവർത്തനം പുരോഗമിക്കുകയും ഭാരതപ്പുഴ-പട്ടാമ്പി ഭാഗത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രളയ നിയന്ത്രണവും വരൾച്ചാ കാലഘട്ടങ്ങളിൽ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിനുമായി റിവർ ബേസ്ഡ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് 'ഡെവലപ്മെന്റ് ഓഫ് ഡിസിഷൻ

സപ്പോർട്ട് സിസ്റ്റം ഫോർ റിവർ ഓപ്പറേഷൻ മാനേജ്മെന്റ് ഫോർ ഭാരതപ്പുഴ ബേസ് എന്ന പദ്ധതി ജലവിഭവ വകുപ്പ്, പാലക്കാട് ഐ.ഐ.ടി., താത്പര്യമുള്ള എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ സംയുക്തമായി നടപ്പാക്കാനുള്ള ശിപാർശ പരിശോധിച്ചുവരികയാണ്.

(3) കോമൺവെൽത്ത് ഹാൻഡ്‌ലൂമിന്റെ പ്രവർത്തനം

ശ്രീ. ഇ. കെ. വിജയൻ: കോഴിക്കോട് കോമൺവെൽത്ത് ഹാൻഡ്‌ലൂമിനെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോഴിക്കോട് ടൗണിലെ നെയ്ത്ത് ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള ഭൂമിയും വാങ്ങിയവർ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയും തുടർ നടപടികൾ നിർത്തിവയ്ക്കുന്നതിന് ഇടക്കാല ഉത്തരവുണ്ടാകുകയും ചെയ്തതിനാൽ കോമൺവെൽത്ത് ട്രസ്റ്റിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതിന് സർക്കാരിനും കെ.എസ്.ഐ.ഡി.സി.-ക്കും കാലതാമസം നേരിട്ടിരിക്കുകയാണ്. 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ആക്ട് നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ കരട്

ചട്ടങ്ങൾ സ്റ്റേ ഉത്തരവ് നീങ്ങുന്നമുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കോമൺവെൽത്ത് നെയ്ത്തുശാലയിലെ 77 ജീവനക്കാർക്ക് കെ.എസ്.ഐ.ഡി.സി. മുഖേന പ്രതിമാസം 5,000 രൂപ വീതം സമാശ്വാസ വേതനം നൽകിവരുന്നുണ്ട്.

(4) ഗതാഗതം സുരക്ഷിതമാക്കൽ

ശ്രീമതി യു. പ്രതിഭ: ദേശീയപാതയിൽ കരുവാറ്റ-ഓച്ചിറ ഭാഗത്തെ കുഴികൾ അടച്ച് ഗതാഗതം സുരക്ഷിതമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത അതോറിറ്റിയുടെ നിർദ്ദേശപ്രകാരം അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയെങ്കിലും തുക അനുവദിക്കുന്നതിന് അഞ്ച് മാസത്തെ കാലതാമസമുണ്ടായിട്ടുണ്ട്. ടി പ്രവൃത്തിക്കായുള്ള ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ദേശീയ പാതകളിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കിലോമീറ്ററിന് നിശ്ചിത നിരക്ക് നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിന് പണം ഡെപ്പോസിറ്റ് ചെയ്യാനുള്ള സംവിധാനമുണ്ടായാൽ സംസ്ഥാനത്തിനുതന്നെ

അറ്റകുറ്റപ്പണികൾ നടത്താനാകുമെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(5) താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: പേരാമ്പ്ര താലൂക്കാശുപത്രി വികസനത്തിന് സ്ഥലം ഏറ്റെടുത്ത് തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പേരാമ്പ്ര താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്ന് അനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ടവർക്കും നൽകുന്നതാണ്.

(6) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 23 ഡോക്ടർമാരുൾപ്പെടെ 128 സ്ഥിരം ജീവനക്കാരും 102 താൽക്കാലിക

ജീവനക്കാരുമുണ്ട്. ' ലക്ഷ്യ' പദ്ധതിയിലുൾപ്പെടുത്തി 1.77 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളും ഇ-ഹെൽത്ത് പദ്ധതിപ്രകാരമുള്ള പ്രവൃത്തികളും സെൻട്രലൈസ്ഡ് ഓക്സിജൻ സപ്ലൈ സിസ്റ്റത്തിന്റെ നിർമ്മാണവും പൂർത്തീകരിച്ചുവരുന്നു. അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് 1 പ്രകാരവും ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരവുമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ,

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നികുതി അടയ്ക്കുന്നതിനുള്ള തീയതി നീട്ടുന്നതും ജി.എസ്.ടി. കൗൺസിൽ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന നിയമഭേദഗതികളും ഉൾപ്പെടുത്തിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഗ്രീൻ ബിൽഡിംഗിന് നികുതിയിളവ് നൽകുന്നതിനും ജനറൽ ആംനെസ്റ്റി സ്കീം പ്രകാരം ഓപ്ഷൻ കൊടുക്കാനുള്ള അവസരം 2021 നവംബർ 31 വരെയും ബാർ ഹോട്ടലുകൾക്ക് പേമെന്റ് അടയ്ക്കാനുള്ള തീയതി ഒക്ടോബർ 31 വരെയും നീട്ടി നൽകുന്നതിന് ഭേദഗതി വരുത്തേണ്ടതുണ്ട്.

(വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല )

ശ്രീ. കെ. പ്രേംകുമാറിനുവേണ്ടി ശ്രീ. പി. വി. ശ്രീനിജിൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും പുതിയ നികുതി

നിർദ്ദേശങ്ങളില്ലെന്നത് സ്വാഗതാർഹമാണ്. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി സമാഹരണം ഊർജ്ജിതമാക്കാനും കൂടുതൽ സ്വർണ്ണം വാങ്ങുന്നവരിൽ നിന്ന് നികുതി ഈടാക്കാനും നടപടി സ്വീകരിക്കണം. ചരക്ക് സേവന നികുതിരംഗം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതും തിരുവനന്തപുരം ആസ്ഥാനമാക്കി ചരക്ക് സേവന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ ആരംഭിക്കാൻ തീരുമാനിച്ചതും പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അടുത്ത അഞ്ചുവർഷത്തേയ്ക്ക് 50 ശതമാനം നികുതി ഒഴിവാക്കിയതും പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയതും പ്രളയ സെസ് നിർത്തലാക്കിയതും സ്വാഗതാർഹമാണ്. കായികരംഗത്തേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി സ്കൂളുകളിൽ ഇന്റേണൽ മാർക്ക് സമ്പ്രദായം ഏർപ്പെടുത്താനും പഠനത്തോടൊപ്പം ജോലി എന്ന പഠനസമ്പ്രദായം കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. സി. മുകുന്ദനുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റോഡുകളുടെയും പാലങ്ങളുടെയും

പുർത്തീകരണത്തിനായി കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചതും ജനകീയ പദ്ധതികൾ ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്. അഞ്ച് വർഷത്തേയ്ക്ക് പണം പലിശയ്ക്ക് നൽകാൻ സന്നദ്ധരായവരിൽനിന്നും ട്രഷറിവഴി തുക സമാഹരിച്ച് പൊതുസമൂഹത്തിനുവേണ്ടി റോഡുകളോ പാലങ്ങളോ കെട്ടിടങ്ങളോ സാംസ്കാരിക നിലയങ്ങളോ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഉല്പാദന-നിർമ്മാണ-സേവന മേഖലകളിലും പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനുമായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ഇടതുപക്ഷ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലമുൾപ്പെട്ട മലയോര ഹൈവേയും ഇന്റർനാഷണൽ ഐ.ടി.ഐ.-യും യാഥാർത്ഥ്യമാക്കണം. കാർഷിക മേഖലയിൽ കിഫ്ബി നിക്ഷേപം കൊണ്ടുവരികയും കോവിഡാനന്തരം ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും വേണം.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വരുമാനത്തിന്റെ മുഖ്യ പങ്കും വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് കിഫ്ബി രൂപീകരിച്ചത്. പരോക്ഷ നികുതി കുറച്ചും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചും ജനങ്ങളെ സംരക്ഷിക്കാനുതകുന്ന നികുതിക്രമമാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. നികുതി വ്യവസ്ഥയിൽ വരുത്തിയിട്ടുള്ള ക്രമീകരണങ്ങൾ സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തതും ആധുനിക കേരളത്തിന്റെ നിർമ്മിതിക്ക് ആക്കം കൂട്ടുന്നതുമാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിനും വൈദ്യുതി മേഖല റെഗുലേറ്ററി അതോറിറ്റിക്ക് കീഴിൽ കൊണ്ടുവരുന്നതിനുമാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സംസ്ഥാനങ്ങൾക്ക് നികുതി സമാഹരിക്കുന്നതിനുള്ള അവകാശമാണ് ജി.എസ്.ടി നിലവിൽ വന്നതോടെ നഷ്ടമായത്. വില്പന നികുതി 11 ശതമാനമായി കുറച്ചത് വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും കോമ്പൻസേഷൻ ലഭിക്കേണ്ട പിരീഡ് അടുത്ത അഞ്ച്

വർഷത്തേയ്ക്കുകൂടി നീട്ടണമെന്ന ആവശ്യം ജി.എസ്.ടി കൗൺസിലിൽ ഉന്നയിക്കും. ഡിജിറ്റൽ വിദ്യാഭ്യാസത്തിന് അനുയോജ്യമായ സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുതിയ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതാണ്. കെ-ഡിസ്കിന്റെ നേതൃത്വത്തിൽ നോളജ് ഇക്കോണമിയിലൂടെ വീട്ടമ്മമാരുൾപ്പെടെയുള്ള അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കാർഷിക-വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും വാല്യൂ ആഡഡ് പ്രോഡക്ടുകളുടെ മാർക്കറ്റിംഗിനുള്ള സംവിധാനത്തെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ടാക്സ് കളക്ഷൻ മെച്ചപ്പെടുത്താൻ ജി.എസ്.ടി. വകുപ്പിനെ പുനഃസംഘടിപ്പിക്കാനും പുനഃക്രമീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഹരിതകെട്ടിടങ്ങൾക്കും എൽ.എൻ.ജി.-ക്കും ടാക്സിളവ് നൽകും. ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

## (i) 2021-ലെ കേരള ധനകാര്യ ബിൽ

### രണ്ടുമുതൽ പതിനൊന്നുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടുമുതൽ പതിനൊന്നുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടുമുതൽ പതിനൊന്നുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

രണ്ടും മൂന്നും നാലും വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

രണ്ടും മൂന്നും നാലും വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും നാലും വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI. അറിയിപ്പ്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പൂക്കളം

മി. സ്പീക്കർ: 'ആസാദി കാ അമൃത് മഹോത്സവ്' പരിപാടിയുടെ ഭാഗമായി സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ എന്ന ആശയം കേരളത്തനിമയിൽ ആവിഷ്കരിക്കുന്ന ഒരു പൂക്കളം നിയമസഭാ മന്ദിരത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ തെക്കുഭാഗത്തെ പ്രവേശനകവാടത്തിനുള്ളിലായി നാളെ രാവിലെ ഒരുക്കുന്നതാണ്. എല്ലാ നിയമസഭാംഗങ്ങളും സന്നിഹിതരാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ ഉച്ചയ്ക്ക് 12.20-ന് പിരിഞ്ഞു.)

*******